55

# എപ്പോഴാണ് സ്നാനം സ്നാനമല്ലാതാകുന്നത്?

## (18:22, 23; 19:1- 7)

സ്നാനം എന്ന വിഷയത്തിൽ എത്തുന്നതുവരെ ഒരു സ്നേഹിതനുമായുള്ള (നാം അദ്ദേഹത്തെ ബെർട്ട് എന്നു വിളിക്കുന്നു). പഠനം നന്നായി നടന്നു. ഒരാൾ സ്നാനപ്പെടുന്നതും സ്നാനപ്പെടാത്തതും വലിയ വ്യത്യാസമുള്ള കാര്യമല്ല എന്നതിൽ ബെർട്ട് ഉറച്ചു നിന്നു. സ്നാനവും രക്ഷയും തമ്മിലുള്ള ബന്ധം കാണിക്കുന്ന വാക്യങ്ങൾ ആയ മർക്കൊസ് 16:16 ഉം പ്രവൃത്തികൾ 2:38 ഉം ഞങ്ങൾ പഠിച്ചു, എന്നാൽ, ബെർട്ട് അതു തീർച്ചപ്പെടുത്താൻ വിസമ്മതിച്ചു. നാം ആ പ്രശ്നം പരിഹരിക്കാതെ പഠനം മുൻപോട്ട് കൊണ്ടുപോകുന്നതിൽ അർത്ഥമില്ലല്ലൊ, അതുകൊണ്ട്, സ്നാനത്തിന്റെ ഉദ്ദേശം - ആഴത്തിൽ പഠിക്കാമെന്ന് തീരുമാനിച്ചു. ബെർട്ടും ഞാനും ഒരു കൺകോഡൻസ് എടുത്ത്, ബൈബിളിൽ സ്നാനത്തെക്കുറിച്ചു പറയുന്ന വാക്യങ്ങൾ എല്ലാം എടുത്തു. ക്രമമായി, ഞങ്ങൾ അവയിൽ കൂടെ പഠനം തുടർ ന്നു. ഓരോ വാക്യത്തിലും ഞങ്ങൾ എത്തിയപ്പോൾ, ഞാൻ ബെർട്ടി നോട് ഉറക്കെ വായിച്ചു അതിൽ പറയുന്നതെന്തെന്നു ചോദിക്കും, അതിൽ സ്നാനത്തിന്റെ ഉദ്ദേശം എന്തെങ്കിലും ഉണ്ടോ എന്നു ആരായും. ബെർട്ട് വാക്യങ്ങൾ ഓരോന്നും വായിച്ച് പറയുന്നതു അപ്രസക്തവും, അവ്യക്തവും, അല്ലെങ്കിൽ തീർച്ചയാക്കാൻ പറ്റാത്തതായി, രാത്രിയിൽ വളരെ നേരം ചെലവഴിക്കേണ്ടതായി വരുമെന്ന് പ്രവൃത്തികൾ 19 ലെത്തുന്നതു വരെ ഞാൻ വിചാരിച്ചു.

ബെർട്ട് പ്രവൃത്തികൾ 19-ൽ പന്ത്രണ്ടു പേർ വീണ്ടും - സ്നാനമേറ്റതായി വായിച്ചു പറഞ്ഞപ്പോൾ, എന്റെ ശ്രദ്ധ പകുതിയായി കുറഞ്ഞിരുന്നു. പ്രവൃത്തികൾ 19:1-7 വരെ സ്നാനത്തിന്റെ ഉദ്ദേശം തീർത്തു, പറയുന്ന പ്രസ്താവനയല്ലെന്ന് അറിയാമായിരുന്നതുകൊണ്ട് അടുത്ത വേദഭാഗത്തേക്കു പോകാമെന്നു ഞാൻ വിചാരിച്ചു. എന്നെ അതിശയിപ്പിച്ചുകൊണ്ട്, ബെർട്ട് പ്രവൃത്തികൾ 19 വായിച്ച് കഴിഞ്ഞപ്പോൾ, ബെർട്ടിന്റെ

മുഖത്ത് ഒരു അനിശ്ചിതത്വം നിഴലിടുന്നതു ഞാൻ കണ്ടു. അദ്ദേഹം ആ വേദവാക്യം വീണ്ടും, മന്ദമായി വായിച്ചു. പിന്നെ അദ്ദേഹം എന്നോടു പറയുന്നതിനേക്കാൾ, കൂടുതലായി തന്നോടു തന്നെ പറഞ്ഞു, "സ്നാനം അപ്രധാനമെങ്കിൽ, അവർ ശരിയായി ചെയ്യേണ്ടതിന്റെ പ്രാധാന്യം എന്താണ്? സ്നാനം വെറും അടയാളമായിട്ടുള്ള പ്രവൃത്തിയാണെങ്കിൽ, അവർ വീണ്ടും സ്നാനമേറ്റതെന്തിന്?" ഞങ്ങളുടെ പഠനത്തിന്റെ വഴിത്തിരിവായിരുന്നു അത്. ബെർട്ട് ഒടുവിൽ സ്നാനത്തെപ്പറ്റി പറയുന്ന വേദഭാഗത്തെ നിഷ്പക്ഷമായി നോക്കി കണ്ടു. ആ രാത്രിയിൽ പ്രവൃത്തികൾ 19 ലെ പൗലൊസ് വീണ്ടും – സ്നാനപ്പെടുത്തിയ പന്ത്രണ്ടു പേരുടെ ആ അസാധാരണ സംഭവത്തെ അനുമോദിക്കാൻ ഞാൻ പഠിച്ചു.

ഈ പാഠത്തിൽ നാം ആ സംഭവത്തെയും അതു നമ്മെ എങ്ങനെ ബാധിക്കുമെന്ന വിഷയവും പഠിക്കും. അതു നാം ചെയ്യുന്നതിനു മുൻപ്, പൗലൊസിന്റെ മൂന്നാം മിഷണറി യാത്ര തുടങ്ങുന്നത് നോക്കേണ്ടതുണ്ട്.

### സഹോദരന്മാരെ ശക്തിപ്പെടുത്തൽ
### (18:22, 23; 19:1)

പൗലൊസിന്റെ രണ്ടാം മിഷണറി യാത്രയും മൂന്നാം യാത്രയുടെ ആരംഭവും ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നതു നമുക്കു ശ്വസിക്കാൻ പോലും സമയം കിട്ടാത്ത വേഗതയിലാണ്. മൂന്നു വാക്യങ്ങളിൽ – അനേകം മാസങ്ങൾ എടുത്ത് 1,500 മൈലുകൾ പൗലൊസ് – അന്ത്യോക്യയിലേക്കും പിന്നെ തിരിച്ച് എഫെസൊസിലേക്കും യാത്ര നടത്തുന്നതായി കാണാം:[1]

> കൈസര്യയിൽ വന്നിറങ്ങി, യെരുശലേമിലേക്കു ചെന്നു, സഭയെ വന്ദനം ചെയ്തിട്ടു, അന്ത്യോക്യയിലേക്കു പോയി. അവിടെ കുറെ നാൾ താമസിച്ച ശേഷം, പുറപ്പെട്ടു ക്രമത്താലെ ഗലാത്യദേശത്തിലും ഫ്രുഗ്യയിലും സഞ്ചരിച്ചു, ശിഷ്യന്മാരെ ഒക്കെയും ഉറപ്പിച്ചു (18:22, 23).
>
> അപ്പൊല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലൊസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു, എഫെസൊസിൽ എത്തി, ചില ശിഷ്യന്മാരെ കണ്ടു (19:1).

പെട്ടെന്ന് എഫെസൊസിൽ എത്തി പൗലൊസിന്റെ അവിടത്തെ ശുശ്രൂഷയെ പറ്റി പറയുവാനാണ് ലൂക്കൊസ് ലക്ഷ്യമിട്ടത്, ഒരുപക്ഷേ അവന്റെ മൂന്നു യാത്രകളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ട ഒന്നാകാം ഇത്. ആസ്യയുടെ ആഭരണമായിരുന്നു എഫെസൊസ്. അതു റോമൻ പ്രദേശത്തിന്റെ തലസ്ഥാനവും, ലോകത്തിന്റെ ഒരു വ്യാപാര കേന്ദ്രവുമായിരുന്നു. അതിന്റെ തുറമുഖമാണെങ്കിൽ, കടലിൽ കൂടെ കൊണ്ടു പോകാവുന്ന എത്ര വലിയ കപ്പലുകളേയും കൊള്ളിക്കാവുന്ന വലുപ്പം ഉണ്ടായിരുന്നു, റോമിൽ നിന്നു കിഴക്കോട്ടു യാത്ര തിരിക്കാവുന്ന മുഖ്യ മാർഗ്ഗവുമായിരുന്നു അത്. വ്യാപാരികൾക്കു പുറമേ, ലോകത്തിലെ ഏഴ് അത്ഭു

തങ്ങളിൽ ഒന്നായ അർത്തെമിസ് ക്ഷേത്രം സന്ദർശിക്കുവാൻ, ലോകത്തിന്റെ നാനാഭാഗത്തു നിന്നു സന്ദർശകന്മാർ എഫെസൊസിൽ എത്തിയിരുന്നു. എഫെസൊസ് പ്രസിദ്ധവും, പ്രധാനവും, ധനികവും – പാപത്തിൽ നഷ്ടപ്പെട്ടതുമായ സ്ഥലമായിരുന്നു (എഫെസ്യർ 2:1, 12).

## ചില ശിഷ്യന്മാരെ നേരെയാക്കൽ
## (19:1-7)

ഒരു പുതിയ പട്ടണത്തിൽ പ്രവേശിക്കുമ്പോൾ, പൗലൊസ് ആദ്യം പള്ളിയിൽ പോയി (പട്ടണത്തിൽ ഒന്ന് ഉണ്ടെങ്കിൽ), ഗുണമുള്ള ഹൃദയങ്ങളെ തേടും. എഫെസൊസിലെ സാഹചര്യം വ്യത്യസ്തമായിരുന്നു. അവിടെ അപ്പോൾ ഒരു ചെറിയ സഭ ഉണ്ടായിരുന്നു,[2] ഒരുപക്ഷേ, അക്വിലാസിന്റെയും പ്രിസ്കില്ലയുടെയും വീട്ടിൽ കൂടി വന്നിരിക്കാം (1 കൊരിന്ത്യർ 16:19). അതുകൊണ്ട്, പൗലൊസ്, ആദ്യം സഹോദരങ്ങളോടൊത്ത് കുറെ സമയം ചെലവിട്ടു. (പഴയ സ്നേഹിതനായിരുന്ന അക്വിലാസിനേയും ഭാര്യ പ്രിസ്കില്ലയേയും വീണ്ടും കണ്ടു മുട്ടിയപ്പോൾ ഉണ്ടായ സന്തോഷം, എനിക്കു ഊഹിക്കാൻ കഴിയും.)

പൗലൊസ് പട്ടണത്തിൽ സഞ്ചരിച്ച്, പുതിയ ക്രിസ്ത്യാനികളെ സഹായിക്കയും ശക്തിപ്പെടുത്തുകയും ചെയ്തു കൊണ്ടിരുന്നപ്പോൾ (18:23 നോക്കുക), "ചില ശിഷ്യന്മാരെ കണ്ടു" (19:1), "പന്ത്രണ്ടോളം പുരുഷന്മാർ" (വാക്യം 7).[3] "കണ്ടു" എന്ന വാക്കിന്റെ പ്രാധാന്യം എന്താണ്? ഇതിന്റെ അർത്ഥം അവനോട് അവരെക്കുറിച്ചു പറഞ്ഞുകേട്ടിട്ടു അവൻ തിരഞ്ഞു കണ്ടുപിടിച്ചു എന്നാണോ,[4] അല്ലെങ്കിൽ ദൈവകൃപയാൽ, വെറുതെ, പൗലൊസ് അവരെ "കണ്ടെത്തുകയായിരുന്നോ"? രണ്ടാമത്തേതാണ് ഞാൻ ഇഷ്ടപ്പെടുന്നത്, എന്നാൽ പ്രാധാന്യമുള്ള കാര്യം പൗലൊസ് അവരുമായി ഇട*പ്പെട്ടു* എന്നതാണ്.

അവർ ആദ്യമേ ക്രിസ്ത്യാനികളായിരുന്നോ? സാധാരണ, അവർ ആയിരുന്നു എന്ന് നാം വിചാരിക്കും. ലൂക്കൊസ് സാധാരണ ഉപയോഗിച്ചത് "ശിഷ്യൻ" എന്നാണ്. സൂചിപ്പിക്കുന്നത്, ക്രിസ്തുവിനെ അനുഗമിക്കുന്നവരായിട്ടാണ് (11:26; മുതലായവ). എങ്ങനെയായാലും, ഇക്കാര്യത്തിൽ, ഈ പന്ത്രണ്ടു പേരെ ക്രിസ്ത്യാനികളായി തരം തിരിച്ചാൽ അതു ഗൗരവമായ പ്രശ്നങ്ങൾ ആവും. പൗലൊസ് അവരോട്, "നിങ്ങൾ വിശ്വസിച്ചപ്പോൾ പരിശുദ്ധാത്മാവു ലഭിച്ചുവോ?" എന്നായിരുന്നു ചോദിച്ചത്. അവർ അതിന് "ഇല്ല" എന്നു മറുപടി കൊടുത്തു (19:2). ആത്മാവു ലഭിക്കാതെ പുതിയ നിയമത്തിൽ ക്രിസ്ത്യാനിയായി തിരിച്ചറിയുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് (പ്രവൃത്തികൾ 2:38; റോമർ 8:9; തിത്തൊസ് 3:5; എബ്രായർ 6:4; 1 യോഹന്നാൻ 3:24; 4:13), ഈ പുരുഷന്മാരെ ക്രിസ്ത്യാനികൾ എന്നു വിളിക്കുക പ്രയാസമാകുന്നു.

ഒരുപക്ഷേ ലൂക്കൊസ് ആ പുരുഷന്മാർ ആരെ പിൻപറ്റുന്നു എന്നു വ്യക്തമാക്കാതെ പൊതുവിൽ "പഠിക്കുന്നവരും അനുഗമിക്കുന്നവരും" എന്ന അർത്ഥത്തിൽ "ശിഷ്യന്മാർ" എന്നു സൂചിപ്പിച്ചതാകാം. "ചില" എന്ന വാക്ക് ഗ്രീക്കിൽ തർജ്ജിമ ചെയ്തിരിക്കുന്നതു നോക്കിയാൽ ലൂക്കൊസ് കൂടുതൽ പൊതുവായിട്ടാണ് പരാമർശിച്ചിരിക്കുന്നതു എന്നു

കാണാം. പ്രാരംഭ ക്രിസ്ത്യാനികൾ വിചാരിച്ചത് ആ പന്ത്രണ്ടുപേർ യേശുവിന്റെ ശിഷ്യന്മാരായിരുന്നില്ല, യോഹന്നാന്റെ ശിഷ്യന്മാർ ആയിരുന്നു എന്നാണ്.[5] "ശിഷ്യൻ" എന്ന വാക്കിന്റെ വ്യാഖ്യാനങ്ങളും ലഭ്യമാണ്. ഒരു വ്യാഖ്യാതാവ് ഇപ്രകാരം പറഞ്ഞു: "ആ വേദഭാഗത്തിന്റെ ശരിയായ വിവരണം ലൂക്കൊസ് നല്കുന്നതു ഒരു മുഖ്യ അഭിനേതാവിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ്: ശിഷ്യന്മാരെന്നു *തോന്നിയ* ചില ആളുകളെ പൗലൊസ് കണ്ടു."[6] വ്യക്തിപരമായി, ഞാൻ വിശ്വസിക്കുന്നത് പൗലൊസ് ആ പന്ത്രണ്ടു പേർ ക്രിസ്ത്യാനികൾ ആയിരുന്നു എന്നു കരുതുകയും, ചോദിച്ച ചോദ്യങ്ങൾ ആ നിഗമനത്തെ ആസ്പദമാക്കിയായിരുന്നു എന്നുമാണ്.[7]

പൗലൊസ് ആ പുരുഷന്മാരെ കണ്ടപ്പോൾ, അവരോട് ചോദിച്ചു, "നിങ്ങൾ വിശ്വസിച്ചിട്ടു[8] പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" (19:2). കർത്താവിനോടുള്ള അവരുടെ മൊത്തത്തിലുള്ള പ്രതികരണം എന്ന നിലയിൽ സുഗ്രഹമായ അർത്ഥത്തിലാണ് "വിശ്വസിച്ചിട്ട്" എന്നു പറഞ്ഞിരിക്കുന്നത്, അതിൽ സ്നാനവും ഉൾപ്പെടുന്നു (വാക്യം 3). അവർ സ്നാനമേറ്റപ്പോൾ അവർക്കു അത്ഭുത – രഹിതമായ "പരിശുദ്ധാത്മാവിന്റെ സാധാരണ ദാനം" കിട്ടിയോ എന്നായിരുന്നില്ല പൗലൊസ് ചോദിച്ചത്;[9] വചനപ്രകാരം സ്നാനമേല്ക്കുന്ന ഓരോരുത്തർക്കു അതു ലഭിക്കും.[10] താഴോട്ടുള്ള വാക്യങ്ങൾ നോക്കിയാൽ പൗലൊസിന്റെ ഉദ്ദേശം അവരുടെ മേൽ കൈവെച്ച് പരിശുദ്ധാത്മാവിന്റെ അത്ഭുത വരം, അവർക്കു കിട്ടിയിരുന്നില്ലെങ്കിൽ പകർന്നുകൊടുക്കുക എന്നായിരുന്നു (വാക്യം 6) അതുകൊണ്ട് വാസ്തവത്തിൽ അപ്പൊസ്തലൻ ചോദിക്കുന്നു, "നിങ്ങൾ ക്രിസ്ത്യാനികളായിത്തീർന്നപ്പോൾ നിങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ *അത്ഭുത*പ്രദർശനം ലഭിച്ചിട്ടുണ്ടോ?"

പൗലൊസിനെ അതിശയിപ്പിച്ച്, അവർ മറുപടി നല്കി, "ഇല്ല, പരിശുദ്ധാത്മാവു ഉണ്ടെന്നു പോലും ഞങ്ങൾ കേട്ടിട്ടില്ല" (വാക്യം 2). പൗലൊസിന്റെ തലയിൽ കൂടെ അലാറം അടിക്കുന്നതു എനിക്കു കേൾക്കാം. ഇപ്പോൾ അവന് മനസിലായി (മുൻപ് മനസിലായിരുന്നില്ലെങ്കിൽ) അവരുടെ സ്നാനത്തിൽ എന്തോ കുഴപ്പമുണ്ടായിരുന്നു എന്ന്, കാരണം മഹത്തായ ആജ്ഞയിലെ സ്നാനത്തിനു പരിശുദ്ധാത്മാവുമായി ധാരാളം ബന്ധമുണ്ട്. മഹത്തായ ആജ്ഞയിലെ സ്നാനം പിതാവിന്റെയും, പുത്രന്റെയും, *പരിശുദ്ധാത്മാവിന്റെയും* നാമത്തിലാണ് (മത്തായി 28:19). ഈ സ്നാനവുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽ ഒന്നാണ് പരിശുദ്ധാത്മാവ് പ്രാപിക്കൽ (പ്രവൃത്തികൾ 2:38). കൂടാതെ, അങ്ങനെ സ്നാനപ്പെട്ടവരെ വിളിക്കുന്നത് "വെള്ളത്താലും ആത്മാവിനാലും ജനിച്ചവർ" എന്നാണ് (യോഹന്നാൻ 3:5).[11]

"പരിശുദ്ധാത്മാവ് ഉണ്ടെന്നു*പോലും*" എന്ന പദപ്രയോഗം വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് (എംഫസിസ് മൈൻ) ശരിയായ ഒരു തർജ്ജിമ ആയിരിക്കാം, സന്ദർഭം ആവശ്യപ്പെടുന്ന അർത്ഥം അതിനു വേണമെന്നില്ല. ആ പന്ത്രണ്ടു പുരുഷന്മാർക്കു യോഹന്നാന്റെ ഉപദേശം മാത്രം അറിഞ്ഞിരുന്നുള്ളുവെങ്കിലും, അവർ പരിശുദ്ധാത്മാവിനെ കുറിച്ച് അറിഞ്ഞിരിക്കണം (മത്തായി 3:11)[12] സന്ദർഭം അർത്ഥമാക്കുന്നത് പരി

ശുദ്ധാത്മാവ് *വന്നു* എങ്കിൽ പോലും, അവർ അറിഞ്ഞിരുന്നില്ല. "ഉണ്ടെന്ന്" എന്ന പ്രവൃത്തികൾ 19 ലെ ഗ്രീക്കിൽ, വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് യോഹന്നാൻ 7:39-ലെപോൽ ഭൂതകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, പരിശുദ്ധാത്മാവിന്റെ വരവിനെ, തർ ജ്ജിമ ചെയ്തിരിക്കുന്നത് "ആത്മാവ് ... വന്നിട്ടില്ലായിരുന്നു."[13] ASV (NASB യിൽ മുന്നോടി എന്നാണ്) പ്രവൃത്തികളുടെ പുസ്തകം 19 ആ മനുഷ്യരുടെ വാക്കുകളായിട്ടാണ്, "ഇല്ല, പരിശുദ്ധാത്മാവ് ഇതുവരെ *നല്കിയിട്ടുണ്ടോ* എന്നു ഞങ്ങൾ കേട്ടിട്ടുപോലുമില്ല"[14] (എംഫസിസ് മൈൻ).

ആ പുരുഷന്മാരുടെ സ്നാനത്തിനു എന്തോ കുഴപ്പമുണ്ടെന്ന് മനസിലാക്കിയ, പൗലൊസ് അവരോടു ചോദിച്ചു, "എന്നാൽ ഏതായിരുന്നു[15] നിങ്ങളുടെ സ്നാനം?" (പ്രവൃത്തികൾ 19:3),[16] അവർ അതിനു മറുപടിയായി, "യോഹന്നാന്റെ സ്നാനം" എന്നവർ പറഞ്ഞു (വാക്യം 3). ഇവർ എവിടെ നിന്നാണ് യോഹന്നാന്റെ സ്നാനം പഠിച്ചത്? സന്ദർഭത്തിലെ ചില വിശദീകരണങ്ങൾ അന്തർലീനമാക്കുന്നതു ഇവരെ അപ്പൊല്ലോസ് ആണ് യോഹന്നാന്റെ സ്നാനം പഠിപ്പിച്ചത് എന്നാണ്: സാമർത്ഥ്യമുള്ള ഉപദേഷ്ടാവ് അപ്പൊല്ലോസിനെ സംഭവത്തിൽ രേഖപ്പെടുത്തിയതു, അവൻ "യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രം അറിയുകയും ചെയ്തിരുന്നു" (18:25), കൂടാതെ ലൂക്കൊസ് ആ പന്ത്രണ്ടുപേരെ പരിചയപ്പെടുത്തുമ്പോൾ അപ്പൊല്ലോസിനെക്കുറിച്ചും പറയുന്നുണ്ട് (19:1). മറ്റു ള്ളവക്കും സാദ്ധ്യതയുണ്ടെങ്കിലും,[17] ഇതിനാണ് കൂടുതൽ സാദ്ധ്യത. പെന്തെകൊസ്തു നാളിനു *മുൻപു* അപ്പൊല്ലോസ് യോഹന്നാന്റെ സ്നാനം ഏറ്റിരുന്നു എന്ന്, പണ്ഡിതന്മാരിൽ മിക്കവരും യാദൃശ്ചികമായി വിശ്വസിക്കുന്നു (പ്രവൃത്തികൾ 2), എന്നാൽ അവൻ പഠിപ്പിച്ച് യോഹന്നാന്റെ സ്നാനം കൊടുത്തതു പെന്തെകൊസ്തു നാളിനു *ശേഷമാണ്*.[18] ജെ. ഡബ്ലിയു. മെക്ഗാർവേ എഴുതി,

> ഏറ്റവും യോജിക്കുന്ന ഉത്തരം [എന്തുകൊണ്ട് ഈ പുരുഷന്മാർ സ്നാനമേല്ക്കണം], വസ്തുതകൾക്കു നിരക്കുന്നതുമായതു എന്തെന്നാൽ അവർ വീണ്ടും സ്നാനമേറ്റത് എന്തെന്നാൽ അപ്പൊല്ലോസിനാലോ, അല്ലെങ്കിൽ അവൻ പഠിപ്പിക്കുന്നതുപോലെ പഠിപ്പിക്കുന്ന മറ്റാരെങ്കിലുമോ ആകാം, എന്തെന്നാൽ പ്രാബല്യത്തിലിരുന്ന യോഹന്നാന്റെ സ്നാനം, നിയമം എന്ന നിലയിൽ പ്രാബല്യമില്ലാത്തതായി തീർന്നിരുന്നു.[19]

റിച്ചാർഡ് ഓസ്റ്ററിന്റെ വാക്കുകൾ കടമെടുത്താൽ, ഈ പന്ത്രണ്ടു ശിഷ്യന്മാർ "പെന്തെകൊസ്തിനു മുൻപുള്ള കല്പന അനുസരിച്ച പെന്തെകൊസ്തിനു ശേഷമുള്ള വിശ്വാസിക[ൾ] ആയിരുന്നു."[20] ചില അവസരത്തിൽ, കാലഹരണപ്പെട്ട ഭൂപടം നോക്കി വഴി തെറ്റിപ്പോയിട്ടുണ്ട്.[21] തെറ്റ് ഭൂപടത്തിനായിരുന്നില്ല. അതിന്റെ കാല പരിധിയിലായിരുന്നെങ്കിൽ തെറ്റില്ലായിരുന്നു. പ്രശ്നം എന്തെന്നാൽ ഭൂപടം കാലഹരണപ്പെട്ടതുകൊണ്ട് അതിനു കൃത്യത കൈവരിക്കാൻ കഴിയില്ല എന്നാണ്. അവരുടെ മതപരമായ യാത്രയിൽ, ആ പന്ത്രണ്ടു ശിഷ്യന്മാർ കാലഹര

ണപ്പെട്ട ചിത്രം ചർച്ച ചെയ്തു അതുകൊണ്ട് അവർ നോക്കിയ ആത്മിയ ചിത്രം കാലോചിതമല്ലാത്തതായിരുന്നു.

**അപൂർണ്ണ മനസ്സിലാക്കൽ അനുബന്ധമാക്കി**

ആ പുരുഷന്മാരുടെ അറിവ് അപൂർണ്ണമായിരുന്നതിനാൽ ആദ്യം തന്നെ അവരുടെ അറിവു പുതുക്കേണ്ടിയിരുന്നു. അങ്ങനെ പൗലൊസ് അവരെ പഠിപ്പിച്ചു:[22] "യോഹന്നാൻ[23] മാനസാന്തര സ്നാനമത്രേ കഴിപ്പിച്ചു, തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു ജനത്തോടു പറഞ്ഞു എന്നു പറഞ്ഞു" (19:4). പ്രവൃത്തികൾ മുഴുവനും, ലൂക്കൊസ് പരിശുദ്ധാത്മ - ശ്വാസിയമായ പ്രസംഗ ചുരുക്കമാണ് നല്കുന്നത്, എന്നാൽ പൗലൊസ്, പന്ത്രണ്ടു പേർക്ക് നല്കുന്ന ഉപദേശങ്ങൾ, "ചുരുക്കൽ"എന്നതു മതിയായതായിരിക്കില്ല. ഇവിടെ, ലൂക്കൊസ് ഒരു ഞെരുക്കമുള്ള കൃത്യനിർവ്വഹണമാണ് നടത്തുന്നത്. യോഹന്നാന്റെ സ്നാനം പൗലൊസിന്റെ അഭിപ്രായ പ്രകടനത്തിൽ, ആരംഭമാകാം. യോഹന്നാൻ സ്നാപകന്റെ പിന്നാലെ വന്നവനെക്കുറിച്ച് അവൻ പറഞ്ഞിരിക്കും, "അതായത്, ... യേശുവിന്റെ": മരണം, അടക്കം, ഉയിർപ്പ് എന്നിവ; അവന്റെ സ്വർഗ്ഗാരോഹണവും, തുടർന്നു പരിശുദ്ധാത്മാവിനെ അയക്കുന്നതും; സഭയുടെ സ്ഥാപനം, സംഘടിപ്പിക്കൽ, സഭയുടെ വ്യാപിക്കലും ഉൾപ്പെടുത്തിയിരിക്കാം. ആ പന്ത്രണ്ടു പേരുടെ പ്രതികരണം (വാക്യം 5) സൂചിപ്പിക്കുന്നത്, പൗലൊസ് ശ്രദ്ധിച്ച് യോഹന്നാന്റെ സ്നാനവും യേശുക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിയിരിക്കും.

"നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" എന്ന പൗലൊസിന്റെ ചോദ്യം ഇന്നു കരിസ്മാറ്റിക്കുകാർ ഏറെ ഇഷ്ടപ്പെടുന്നുണ്ട്. അവർ പരിശുദ്ധാത്മാവിനെകുറിച്ചു പ്രസംഗിക്കുവാൻ ആ ചോദ്യം ഒരു സ്പ്രിങ്ങ് ബോർഡു പോലെ ഉപയോഗിക്കുന്നുണ്ട്.[24] എങ്ങനെയായാലും, പൗലൊസ്, ആ ചോദ്യത്തിന്മേൽ പരിശുദ്ധാത്മാവിനെക്കുറിച്ചല്ല, യേശുവിനെ കുറിച്ചായിരുന്നു പ്രസംഗിച്ചത്. പരിശുദ്ധാത്മാവു വന്നു തന്നെത്തന്നെ ഉയർത്തുകയായിരുന്നില്ല, പിന്നെയോ *യേശു*വിനെ മഹത്വപ്പെടുത്തി ഉയർത്തുകയായിരുന്നു (യോഹന്നാൻ 16:14). അപ്പൊസ്തലനായിരുന്ന യോഹന്നാൻ പറഞ്ഞതനുസരിച്ച്, നാം നമ്മുടെ ജീവിതത്തിൽ ശാരീരിക ചുറ്റിത്തിരിയൽ കൊണ്ടോ ഗ്രഹിക്കാൻ പറ്റാത്ത സംസാരം കൊണ്ടോ അല്ല പരിശുദ്ധാത്മാവിനെ കാണിച്ചു കൊടുക്കുന്നത്, പിന്നെയോ "യേശുക്രിസ്തു ജഡത്തിൽ വന്നു" എന്നു ഏറ്റു പറഞ്ഞുകൊണ്ടാണ് (1 യോഹന്നാൻ 4:2).

**അപൂർണ്ണ അനുസരണം തിരുത്തി**

പൗലൊസ് സംസാരിച്ചു കഴിഞ്ഞശേഷം, ആ പന്ത്രണ്ടു പുരുഷന്മാർ വേണമെങ്കിൽ വ്യത്യസ്തമായി പ്രതികരിച്ചിരിക്കാം. അവരുടെ സ്നാനം ദൈവത്തെ - പ്രസാദിപ്പിക്കുന്നതല്ലേ എന്നു പറഞ്ഞുകൊണ്ട് അപ്പൊസ്തലനോട് ദേഷ്യപ്പെടാം. ഇന്നത്തെ ചിലരെപ്പോലെ ആയിരുന്നു അവരെങ്കിൽ, അവർ പറയും, "സ്നാനം എന്നത് ഒരു അടയാളം മാത്രം ആണ്

അതുകൊണ്ട് അതത്ര കാര്യമാക്കേണ്ടതില്ല, ഒരു സ്നാനം മറ്റൊന്നു പോലെ നല്ലതു തന്നെ." അവരുടെ പ്രതികരണം അവരുടെ ഹൃദയങ്ങളിലെ സത്യസന്ധതയെ വെളിപ്പെടുത്തുന്നു. അവരുടെ മനസിലാക്കൽ മാത്രമല്ല, അനുസരണവും അപൂർണ്ണമാണെന്നു പൗലൊസിന്റെ ഉപദേശം വെളിപ്പെടുത്തി. മടികൂടാതെ, "അവർ ഇതു കേട്ടാറെ, അവർ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏറ്റു" (പ്രവൃത്തികൾ 19:5).

നാം ഈ പുരുഷന്മാർ സ്നാനപ്പെട്ടതു വായിക്കുമ്പോൾ, ധാരാളം ചോദ്യങ്ങൾ നമ്മുടെ മനസിലേക്കു വരും: അവർ വീണ്ടും സ്നാനമേറ്റതിന്റെ ആവശ്യം എന്ത്? ഏതു രീതിയിലാണ് യോഹന്നാന്റെ സ്നാനവും യേശുക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനവും വ്യത്യാസമുള്ളതായി തീരുന്നത്?[25] എന്തുകൊണ്ട് യോഹന്നാന്റെ സ്നാനം വിലയില്ലാത്തതായി? രണ്ടാമത്തെ ചോദ്യം മറ്റുള്ളവക്കു പ്രാധാന്യം കൈവരിക്കുന്നു: പൗലൊസ് നടത്തിയതായ സ്നാനത്തിൽ നിന്നു യോഹന്നാന്റെ സ്നാനം എങ്ങനെയാണ് വ്യത്യസ്തമാകുന്നത്?

മിക്ക വ്യാഖ്യാതാക്കളും ഉപയോഗിക്കുന്നതു ഏതാണ്ട് ഇതുപോലെയാണ്. "ഈ രണ്ടു സ്നാനങ്ങളും തമ്മിലുള്ള വ്യത്യാസം," എന്തെന്നാൽ എന്നു പറഞ്ഞു അവർ പരിഗണിക്കുന്ന പ്രധാന വ്യത്യാസം പറയും. സന്ദർഭത്തിൽ, എങ്ങനെയായാലും, *ധാരാളം* വ്യത്യാസങ്ങൾ പറയുകയോ അന്തർലീനമാകുകയോ ചെയ്തിട്ടുണ്ട്. "യോഹന്നാന്റെ സ്നാനവും യേശുവിന്റെ സ്നാനവും" എന്ന ചാർട്ട് നോക്കുക. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പൗലൊസിന്റെ ചോദ്യവുമായി നമുക്കു തുടങ്ങാം (വാക്യം 2). യോഹന്നാന്റെ സ്നാനത്തിൽ ആത്മാവിന്റെ വാഗ്ദാനം ഉണ്ടായിരുന്നില്ല, എന്നാൽ മഹത്തായ ആജ്ഞയിലെ സ്നാനത്തിൽ വാഗ്ദാനമുണ്ട് (പ്രവൃത്തികൾ 2:38).

വീണ്ടും, പൗലൊസ് യോഹന്നാന്റെ സ്നാനത്തെ "മാനസാന്തര സ്നാനം" എന്നു പറഞ്ഞിരിക്കുന്നു (19:4); വേറൊരു വിധത്തിൽ പറഞ്ഞാൽ, അതു മാനസാന്തരത്തിന്റെ ഫലത്തെ പുറപ്പെടുവിക്കുന്നതാണ്. മറിച്ച് മഹത്തായ ആജ്ഞയിലെ സ്നാനം പരിശോധിക്കുമ്പോൾ, "വിശ്വാസ സ്നാനം" എന്നു അതിനെ വിളിക്കുന്നതു ശരിയാണ്, കാരണം അതു വിശ്വാസ പ്രകടനമാണ് – പ്രത്യേകിച്ചു നാം യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ വിശ്വസിച്ച് എടുക്കുന്നതാണ് (റോമർ 6:3, 4). ആളുകൾ യോഹന്നാന്റെ സ്നാനം ഏല്ക്കുമ്പോൾ, അവർ അവരുടെ പാപങ്ങൾ ഏറ്റു പറയുന്നു (മർക്കൊസ് 1:5); യേശുവിന്റെ സ്നാനം ആളുകൾ എടുക്കുന്നതിനു മുൻപ്, ആളുകൾ യേശുവിലുള്ള *വിശ്വാസം* ആണ് ഏറ്റു പറയുന്നത് (പ്രവൃത്തികൾ 8:37[26]).

ഒരുപക്ഷേ എടുത്തു പറയാവുന്ന മുഖ്യ വ്യത്യാസം പൗലൊസിന്റെ പ്രസ്താവന യോഹന്നാൻ പറഞ്ഞിരിക്കുന്നു "*തന്റെ പിന്നാലെ വരുന്നവനായ* യേശുവിൽ വിശ്വസിക്കേണം, ..." (പ്രവൃത്തികൾ 19:4; എംഫസിസ് മൈൻ). യോഹന്നാന്റെ ശിഷ്യന്മാരുടെ വിശ്വാസം *വരുവാനുള്ള* മശിഹയിലേക്കായിരുന്നുവെങ്കിൽ, നമ്മുടെ വിശ്വാസം *പുറകിൽ* നമുക്കു വേണ്ടി മരിച്ചവനിൽ അത്രേ (ഗലാത്യർ 2:20). യോഹന്നാന്റെ ശിഷ്യന്മാർ

തങ്ങളുടെ വിശ്വാസം വരുവാനുള്ളവനിൽ ആയിരുന്നതുകൊണ്ട്, അവർക്കു സുവിശേഷത്തിന്റെ കാതലായ അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ അറിഞ്ഞുകൂടായിരുന്നു (1 കൊരിന്ത്യർ 15:1–4). തൽഫലമായി, അവരുടെ സ്നാനം മഹത്തായ ആജ്ഞയിലെ സ്നാന ത്തെപ്പോലെ "അവന്റെ മരണത്തോടും" "അവന്റെ ഉയിർപ്പിനോടും" ഏകീഭവിക്കുന്നത് ആയിരുന്നില്ല (റോമർ 6:5). യേശുവിന്റെ മരണത്തോട് സ്നാനത്തിന്റെ ബന്ധത്തെക്കുറിച്ച് അവർക്ക് ഒന്നും അറിയില്ലായിരുന്നു (റോമർ 6:3). അവർ സ്നാനമേറ്റപ്പോൾ അവരുടെ പാപങ്ങൾ യേശു വിന്റെ രക്തത്താൽ കഴുകിക്കളയുന്നു എന്ന് അവർക്കറിയില്ലായിരുന്നു (പ്രവൃത്തികൾ 22:16[27]).

അവസാനമായി, ആ പന്ത്രണ്ടു പുരുഷന്മാർ "കർത്താവായ യേശു വിന്റെ നാമത്തിൽ സ്നാനം ഏറ്റു" (വാക്യം 5) അതു നമ്മെ ഓർമ്മിപ്പി ക്കുന്നതു യോഹന്നാന്റെ സ്നാനം യാതൊരുത്തന്റെയും നാമത്തിൽ ആയിരുന്നില്ല എന്നാണ്. അതിനു വിപരീതമായി, മഹത്തായ ആജ്ഞ യിലെ സ്നാനം, "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും വിശുദ്ധ നാമത്തിലാണ്" (മത്തായി 28:19).[28]

വാസ്തവത്തിൽ, നാം ഈ രണ്ടു സ്നാനത്തെയും അടുത്തു നോക്കി യാൽ, വളരെ കുറച്ചു മാത്രമേ പൊതുവായിട്ടുള്ളു എന്നു കാണാം: രണ്ടും വെള്ളത്തിലുള്ള സ്നാനമാണ് (യോഹന്നാൻ 3:23; മത്തായി 3:16; പ്രവൃ ത്തികൾ 8:38[29]), രണ്ടും "പാപങ്ങളുടെ മോചനത്തിനുവേണ്ടിയായിരുന്നു" (മർക്കൊസ് 1:4; ലൂക്കൊസ് 3:3; പ്രവൃത്തികൾ 2:38[30]). ആ പുരുഷന്മാർ "കർത്താവായ യേശുവിന്റെ നാമത്തിൽ," രണ്ടാമതും സ്നാനപ്പെട്ടതെന്തി നെന്ന് ചുരുങ്ങിയ താരതമ്മ്യത്തിൽ ചെറിയൊരു സംശയം ഉണർത്തു ന്നു.

ആ പന്ത്രണ്ട് ശിഷ്യന്മാർ "പുന - സ്നാനം ഏറ്റു"[31] എന്ന് വേദഭാഗം പറയാതിരിക്കുന്നത് പ്രത്യേകതയുള്ളതാണ്. ബൈബിളിൽ "പുന - സ്നാ നത്തെക്കുറിച്ച്" ഒന്നും പറയുന്നില്ല. ഒരാൾ വചനാനുസരണം സ്നാനം ഏറ്റാൽ, അയാൾ സ്നാനം ഏറ്റു. അയാൾക്ക് പാപമോചനം കിട്ടുകയും, അയാളെ കർത്താവ് തന്റെ സഭയോടു ചേർക്കുകയും ചെയ്യും, അപ്പോൾ അയാൾ പിന്നീട് ഒരിക്കലും സ്നാനമേല്ക്കേണ്ട ആവശ്യമില്ല. മറിച്ച്, ഒരാൾ സ്നാനം *പേരിനു* വേണ്ടി ഏറ്റാലും, ആ ചടങ്ങ് പുതിയ നിയമ മാതൃകയോട് സാമ്യമില്ലാത്തതാകയാൽ, *അയാൾ സ്നാനം ഏറ്റിട്ടില്ല*; അയാൾ നനയുക മാത്രമേ ചെയ്തിട്ടുള്ളൂ. ആ വ്യക്തി സ്നാനം ഏല്ക്കേണ്ടതും – അത് ആദ്യമായി ചെയ്യുന്നതുമാണ്.[32]

ആ പന്ത്രണ്ടു ശിഷ്യന്മാർ സ്നാനം ഏറ്റപ്പോൾ, അവരെ എഫെസൊ സിലെ ആ ചെറിയ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തു. ആരംഭത്തിൽ പൗലൊസ് അവരെ കണ്ടപ്പോൾ ഉദ്ദേശിച്ചത് ആ അവസരത്തിൽ പൗലൊ സിനു, സന്തോഷത്തോടെ നിർവ്വഹിക്കാൻ കഴിഞ്ഞു. "പൗലൊസ് അവ രുടെ മേൽ കൈവച്ചപ്പോൾ, പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു, അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു" (19:6)[33] ക്രിസ്ത്യാനികളായിത്തീർന്ന ശമര്യക്കാരുടെ മേൽ പത്രൊസും യോഹന്നാനും കൈവെച്ചതുപോലെ തന്നെയാണ് പൗലൊസും ചെയ്ത

ത്.[34] അപ്പൊസ്തലന്മാരുടെ പരിശീലനമായിരുന്നു ക്രിസ്ത്യാനികളുടെ മേൽ കൈവെച്ച് അവർക്കു അത്ഭുതവരങ്ങൾ പകർന്നുകൊടുക്കുക എന്നത്.[35] പുതിയ നിയമം എഴുതപ്പെടാതിരുന്നപ്പോൾ അവർക്കു ദൈവേഷ്ടം അറിയുവാനും അപ്പൊസ്തലന്മാരുടെ അഭാവത്തിൽ സഭയുടെ പ്രവർത്തനം നടത്തുന്നതിനു വേണ്ടിയായിരുന്നു അത്.

ഒരു ചോദ്യം അവശേഷിക്കുന്നു: പൗലൊസ് അവരുടെ മേൽ കൈവെച്ചു അവർ അന്യഭാഷയിൽ സംസാരിച്ചു എന്നു ലൂക്കൊസ് പറയാൻ കാരണമെന്ത്? പൗലൊസിന്റെ പൊതു പരിശീലനമായിരുന്നു പുതിയ ക്രിസ്ത്യാനികളുടെ മേൽ കൈവെക്കുക എന്നത് (2 തിമൊഥെയൊസ് 1:6), എന്നാൽ ഇപ്പോൾ മാത്രമാണ് ലൂക്കൊസ് അതു പറഞ്ഞത്. ഉദാഹരണമായി, കൊരിന്തിലെ ശുശ്രൂഷാ സമയത്ത്, പൗലൊസ് അനേകം പേരുടെ മേൽ കൈവെച്ചിട്ടുണ്ട് (1 കൊരിന്ത്യർ 1:7; 12:10), എന്നാൽ ലൂക്കൊസ് അതു രേഖപ്പെടുത്തിയിട്ടില്ല. പിന്നെ, എന്തുകൊണ്ട്, അതു ഇവിടെ പറഞ്ഞു? ഒരുപക്ഷേ പത്രൊസ് ശമര്യയിൽ ചെയ്തതും പൗലൊസ് എഫെസൊസിൽ ചെയ്തതും തമ്മിൽ സമാനത വരുത്തുകയാവാം.[36] ഒരുപക്ഷേ വീണ്ടും സ്നാനമേറ്റ പുരുഷന്മാരെ എഫെസ്യാ സഭയും മടിക്കാതെ കൂട്ടായ്മയിലേക്കു സ്വീകരിക്കുന്നതിനാകാം – പ്രവൃത്തികൾ 8-ൽ അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ച ശമര്യയിലുള്ളവരെ സ്വീകരിച്ചിരുന്നു.[37] റിച്ചാർഡ് ഓസ്റ്റർ പറഞ്ഞു,

> പ്രവൃത്തികളുടെ പുസ്തകത്തിൽ അന്യഭാഷകളുമായി ബന്ധപ്പെട്ട മൂന്നാമത്തെ ഭാഗമാണിത്. മൂന്നു സമയത്തും ഈ പ്രക്രിയ സഭയിലേക്കു പ്രവേശിച്ചവരെ പരിശുദ്ധാത്മാവിനെക്കുറിച്ചു പഠിപ്പിക്കുന്ന സന്ദർഭത്തിൽ ആ കൂട്ടത്തിന് എടുത്തു പറയാവുന്ന പ്രാധാന്യമാണത് (2:4; 10:46; 19:5).[38]

### പ്രായോഗികമാക്കാൻ വിഷമിക്കുന്നു

പൗലൊസിന്റെ എഫെസൊസിലെ പ്രവർത്തനം നല്ല തുടക്കം കുറിച്ചു നിർത്തുന്നു. നമ്മുടെ അടുത്ത പാഠത്തിൽ, ആ വലിയ പട്ടണത്തിലെ അവന്റെ പ്രവൃത്തി തുടർന്നും പഠിക്കും. എങ്ങനെയായാലും, നാം അവസാനിപ്പിക്കുന്നതിനു മുൻപ്, പ്രായോഗികത വരുത്തുവാൻ നമുക്കു വിഷമം നേരിടുന്നു, എങ്കിൽ, നാം പ്രവൃത്തികൾ 19:1–7 ലുള്ള കഥ എടുക്കണം.

പ്രായോഗികത ഒന്നും എടുക്കേണ്ടതില്ല എന്നു ചില ആളുകൾ വിശ്വസിക്കുന്നു അവർ ചൂണ്ടിക്കാണിക്കുന്നത് (നമുക്ക് അറിയാവുന്നിടത്തോളം) ഇന്ന് ആരും യോഹന്നാൻ സ്നാപകന്റെ സ്നാനം എടുത്തവരായിട്ടില്ല. എങ്ങനെയായാലും, സ്ഥലം നിറക്കുവാനായി ലൂക്കൊസ് ഈ കഥ പറഞ്ഞു എന്നു ധരിക്കാൻ പ്രയാസമാണ്; തീർച്ചയായും നാം പഠിക്കേണ്ട ചിലത് ദൈവം അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കഴിഞ്ഞ പാഠത്തിൽ, യോഹന്നാന്റെ സ്നാനത്തെ കുറിച്ചു മാത്രം അറിഞ്ഞ അപ്പൊല്ലോസിന്റെ സംഭവത്തിൽ നിന്നു, നാം ധാരാളം പാഠങ്ങൾ പഠിച്ചു. ആ സംഭവം നമുക്കു പ്രായോഗികമാക്കാ

മെങ്കിൽ, ഇതും പ്രായോഗിക മാക്കാം.

പ്രവൃത്തികൾ 19:1–7 വരെയുള്ള ഭാഗത്തിൽ നിന്നു ഏതെങ്കിലും പ്രായോഗികത വരുത്തുവാൻ കഴിയുമെങ്കിൽ, അതു ഇതായിരിക്കണം: ചിലപ്പോൾ "സ്നാനം" സ്നാനമാകുന്നില്ല.[39] ചടങ്ങിനു വേണ്ടി സ്നാന പ്പെട്ട വ്യക്തി ശരിക്കും സ്നാനമേല്ക്കേണ്ട സന്ദർഭം വരും. യോഹന്നാൻ സ്നാപകന്റെ സ്നാനത്തിനു ഇന്നു ശരിയായ സമാനത ഇല്ലാത്ത തുകൊണ്ട് എല്ലാ കാര്യത്തിലും തീരുമാനിക്കുക എളുപ്പമായിരിക്കില്ല. എങ്കിലും, സ്നാനം എന്നുവിളിക്കുന്ന ചടങ്ങു സ്നാനമല്ല എന്ന പ്രായോ ഗികത സത്യം തന്നെയാണ്.

നമ്മുടെ ചർച്ച ആരംഭിക്കുന്നതിനു, നമുക്കു ചോദിക്കാം, "ഒരു സ്നാനം വചനാനുസരണമാകുന്നതെന്താണ്?" പ്രവൃത്തികളുടെ പുസ്ത കത്തിലെ നമ്മുടെ പഠനത്തെ അടിസ്ഥാനമാക്കിയുള്ള ഉത്തരം ഇതാ: "അതിന്റെ പ്രവൃത്തി ശരിയായിരിക്കണം, ശരിയായ വ്യക്തിയായിരി ക്കണം, ശരിയായ ഉദ്ദേശവുമായിരിക്കണം." *ശരിയായ പ്രവൃത്തി* വെള്ള ത്തിൽ അടക്കമായിരിക്കണം. "സ്നാനം" എന്നതു ലിപി മാറ്റിയ ഗ്രീക്കു വാക്കാണ് അക്ഷരിക അർത്ഥം "നിമഞ്ജനം" എന്നാണ്.[40] പ്രവൃത്തിക ളുടെ പുസ്തകം 8–ാം അദ്ധ്യായത്തിൽ സ്നാനപ്പെട്ടയാൾ വെള്ളത്തിൽ ഇറങ്ങി, സ്നാനമേറ്റു. പിന്നെ വെള്ളത്തിൽ നിന്നു കയറി (വാക്യങ്ങൾ 38, 39). *ശരിയായ വ്യക്തി* വ്യക്തിപരമായ തന്റെ ജീവിതത്തിൽ പക്വ തയുള്ള ആളും, കർത്താവിൽ വിശ്വസിക്കുന്ന ആളും, തന്റെ പാപങ്ങ ളിൽ നിന്നു മാനസാന്തരപ്പെട്ട്, തന്റെ വിശ്വാസം ഏറ്റു പറയുവാൻ മന സുള്ള ആളും ആയിരിക്കണം (2:37, 38; 8:37). ശിശുക്കളെ സ്നാനപ്പെടു ത്തുവാൻ പ്രവൃത്തികളുടെ പുസ്തകം അധികാരപ്പെടുത്തുന്നില്ല. ശരിയായ *ഉദ്ദേശം* പാപങ്ങളുടെ മോചനം ലഭിക്കുന്നതിനായിരിക്കണം (2:38; 22:16), പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നതിനും (2:38), കർത്താവിന്റെ സഭയിൽ അംഗമാകുന്നതിനും വേണ്ടിയാണ് (2:41, 47[41]).

ആദ്യത്തെ രണ്ടു ആവശ്യങ്ങൾ – ശരിയായ പ്രവൃത്തിയും ശരി യായ വ്യക്തിയും – പ്രായോഗികമാക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാകയി ല്ല. ഒന്നുകിൽ ഒരാൾ വെള്ളത്തിൽ അടക്കപ്പെട്ടിരിക്കും അല്ലെങ്കിൽ ഇല്ലാ യിരിക്കും, അയാൾ ഒന്നുകിൽ ഒരു സമർപ്പണ തീരുമാനം എടുക്കാൻ തക്ക പ്രായമായിരിക്കും. അല്ലെങ്കിൽ ഇല്ലായിരിക്കും.[42] അതുകൊണ്ട്, ക്രിസ്തീയ "വിഭാഗങ്ങളിൽ" വലിയ കൂട്ടങ്ങൾക്ക് ഇതു പരിഹാസ്യമായി തോന്നാമെങ്കിലും, ഒരാൾ ശിശുവായിരുന്നപ്പോൾ, തളിച്ചു സ്നാനപ്പെടു ത്തിയതാണെങ്കിലും, അയാൾ പുതിയ നിയമ മാതൃക പ്രകാരം സ്നാന മേല്ക്കേണ്ടതുണ്ട്.

ഉദ്ദേശത്തിന്റെ കാര്യം വരുമ്പോഴാണ് പ്രശ്നം സങ്കീർണ്ണമാകുന്നത്. വചനാനുസരണ സ്നാനം ഏല്ക്കുന്നതിനു മുൻപ് ഒരാൾ എന്ത് അറി യണം മനസിലാക്കണം എന്ന ചോദ്യത്തിലാണ് നാം ഇടറുന്നത്. ഉദ്ദേശം സങ്കീർണ്ണമായാലും ഇല്ലെങ്കിലും, പ്രവൃത്തികളുടെ പുസ്തകം 19:1–7 വരെ ഏതു പ്രായോഗികതയുടേയും കേന്ദ്രമായിരിക്കും. പന്ത്രണ്ടു പേർ മുതിർന്ന പുരുഷന്മാരായിരുന്നു (വാക്യം 7) (ശരിയായ വ്യക്തികൾ) അവർ വെള്ളത്തിൽ അടക്കപ്പെട്ടു (ശരിയായ പ്രവൃത്തി) അവരുടെ

സ്നാനത്തിലെ പോരായ്മ ഉദ്ദേശത്തിന്റെ കാര്യത്തിലായിരുന്നു. അവരുടെ സ്നാനവും യേശുവിന്റെ രക്തവും തമ്മിലുള്ള ബന്ധം അന്നും അവർ അറിഞ്ഞിരുന്നില്ല; അവർ സ്നാനമേറ്റതു പരിശുദ്ധാത്മാവ് പ്രാപിക്കേണ്ടതിനുമായിരുന്നില്ല; അവർ കർത്താവിന്റെ സഭയിൽ അംഗങ്ങളാകുവാനുമായിരുന്നില്ല സ്നാനമേറ്റത്.

ഉദ്ദേശത്തിന്റെ ചോദ്യം നാം പരിഗണിക്കുമ്പോൾ, നാം കൂടുതൽ ലഘൂകരിക്കൽ ഒഴിവാക്കണം. സ്നാനത്തിന്റെ ഏക ഉദ്ദേശത്തിനു കൂടുതൽ ഊന്നൽ കൊടുക്കാൻ പ്രേരിതമായേക്കാം. ഉദാഹരണത്തിന്, ഒരാൾ "പാപമോചനത്തിനാണ്" സ്നാനമേറ്റതെങ്കിൽ അയാളുടെ സ്നാനം ശരിയാണെന്ന് ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. ആ പന്ത്രണ്ടു പേർ സ്നാനപ്പെട്ടിരുന്നതു "പാപങ്ങളുടെ മോചനത്തിനായിരുന്നു" എന്ന് ഓർമ്മിക്കുക (മർക്കൊസ് 1:4), എന്നാൽ അവർ വീണ്ടും സ്നാനം ഏല്ക്കേണ്ടി വന്നു.[43]

എളുപ്പത്തിൽ കൂടുതൽ ലഘൂകരിച്ച് ഈ ചോദ്യത്തെ സ്നാനപ്പെടുത്തുന്ന ആൾ "യേശുവിന്റെ നാമത്തിൽ" എന്ന് പ്രഖ്യാപിച്ചാൽ (വാക്യം 5), അതു വചനപ്രകാരമുള്ള സ്നാനം എന്നു പറയാറുണ്ട്. "യേശുവിന്റെ നാമത്തിൽ" സ്നാനം ഏല്ക്കുക എന്നതു വെറുതെ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക അല്ല; മറ്റു കാര്യങ്ങളിൽ, അതു സൂചിപ്പിക്കുന്നത് യേശുവിന്റെ അധികാരത്തിൽ സ്നാനം ഏല്ക്കുക എന്നാണ്.[44] യേശു അധികാരപ്പെടുത്തിയ സ്നാനത്തിൽ നിന്നു വ്യത്യസ്തമായി "അവന്റെ" നാമത്തിൽചെയ്യാൻ സാദ്ധ്യമല്ല, ആ ചടങ്ങിൽ അവന്റെ പേർ ഉപയോഗിച്ചാൽ പോലും.

ഒരാൾ സ്നാനമേല്ക്കുമ്പോൾ ആ മനുഷ്യൻ എടുക്കുന്ന തീരുമാനത്തിന്റെ ഉദ്ദേശം കണ്ടുപിടിക്കാൻ അയാളുടെ ഹൃദയം പരിശോധിക്കണം, അതു ബുദ്ധിമുട്ടുള്ള കാര്യമാണ്. "മനുഷ്യനിലുള്ളത് ... അവനിലെ മനുഷ്യാത്മാവല്ലാതെ, മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല?" (1 കൊരിന്ത്യർ 2:11). മറിച്ച്, എബ്രായലേഖകൻ പറഞ്ഞു, "*ദൈവത്തിന്റെ വചനം* ... ഹൃദയത്തിലെ ചിന്തനങ്ങളേയും ഭാവങ്ങളേയും വിവേചിക്കുന്നതുമാകുന്നു" (എബ്രായർ 4:12; എംഫസിസ് മൈൻ). അതുകൊണ്ട്, നാം സ്നാനത്തിന്റെ ഉദ്ദേശത്തെക്കുറിച്ചു *വചനം* പറയുന്നതും സ്നാനത്തിന്റെ ഉദ്ദേശത്തെക്കുറിച്ചു മനുഷ്യർ പറയുന്നതും താരതമ്യം ചെയ്താൽ നാം സുരക്ഷിതരാകും.

വർഷങ്ങളായി സ്ത്രീപുരുഷന്മാരുമായി ഞാൻ പഠനം നടത്തിയതുകൊണ്ട്, അവർ മനുഷ്യനിർമ്മിതമായ സ്നാനത്തിന്റെ കാരണങ്ങൾ പങ്കുവെച്ചിട്ടുണ്ട്. "എല്ലാവരും സ്നാനമേറ്റതുകൊണ്ട്" സ്നാനമേറ്റവരുണ്ട്. മറ്റു ചിലർ മറ്റുള്ളവരെ പ്രസാദിപ്പിക്കുവാൻ സ്നാനമേറ്റവരുണ്ട്. ചിലർ തങ്ങളുടെ ഇഷ്ടമുള്ള നാമധേയ വിഭാഗത്തിൽ ചേരേണ്ടതിനു സ്നാനമേറ്റവരുണ്ട്. വേറെ ചിലർ അവർ സ്നാന മേറ്റത് "ഒരു ആന്തരിക ശുദ്ധീകരണത്തിനുള്ള ബാഹ്യഅടയാളമായിട്ടത്രേ." അനേകം പേർ തങ്ങൾ സ്നാനമേറ്റതെന്തിനാണെന്ന് അറിയാത്തവരായിരുന്നു, "പക്ഷേ അതു പ്രതീക്ഷിച്ചിരുന്നു."[45]

ഞാൻ – ഓരോരുത്തരും – ആയി പഠനം നടത്തുമ്പോൾ, ഞാൻ

ചെയ്യുന്നത് ബൈബിൾ സ്നാനവും (ഉദ്ദേശം അടക്കം) എന്റെ വിദ്യാർത്ഥിയുടെ സ്നാനവും തമ്മിൽ താരതമ്യം ചെയ്യും. ആ വിദ്യാർത്ഥിയാണ് അയാൾ സ്നാനപ്പെടണോ വേണ്ടയോ (വീണ്ടും സ്നാനം) തീരുമാനം എടുക്കേണ്ടത്, കാരണം ഹൃദയം അയാൾക്കല്ലേ അറിയാവു. ആഴത്തിലുള്ള – പഠനശേഷം, മിക്ക വിദ്യാർത്ഥികളും, അനുസരണം പൂർണ്ണമാക്കാൻ, അവർ സ്നാനപ്പെടാൻ തീരുമാനിക്കും.

ഒരാൾ വചനപ്രകാരം സ്നാനമേല്ക്കുന്നതിനു മുൻപു *എല്ലാം* അറിഞ്ഞിരിക്കണം എന്ന് ഞാൻ ശഠിക്കുകയല്ല ചെയ്യുന്നതു എന്നു പെട്ടെന്ന് പറയട്ടെ; അല്ലെങ്കിൽ ഒരാൾ സ്നാനത്തെക്കുറിച്ചുള്ള അറിവു വർഷങ്ങൾ എടുത്തു വർദ്ധിപ്പിക്കേണ്ടതാണെന്നുമല്ല ഞാൻ പറയുന്നത്, അതിനർത്ഥം അയാൾ വചനപ്രകാരം സ്നാനമേറ്റിട്ടില്ല. സ്നാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു റോമയിലെ ക്രിസ്ത്യാനികൾക്കു പൗലൊസ് ഉൾക്കാഴ്ച്ച നല്കുന്നതാണ് റോമർ 6:3–6. മറിച്ച്, സ്നാനമേല്ക്കുമ്പോൾ “ഹൃദയപൂർവ്വം നാം അനുസരിക്കണം” (റോമർ 6:3, 4, 17, 18 നോക്കുക), വചനപ്രകാരമുള്ള സ്നാനം എന്തെന്നും അതിൽ ഉൾപ്പെടുന്ന നമ്മുടെ സമർപ്പണവും സംബന്ധിച്ച് അടിസ്ഥാനപരമായ അറിവ് നമ്മിൽ വേണം.

തുറന്നു പറഞ്ഞാൽ, ഇന്നത്തെ സ്നാനമെന്നു വിളിക്കുന്ന മനുഷ്യനിർമ്മിതമായ ആചാരങ്ങൾ, വ്യക്തികൾ സ്നാനപ്പെട്ടതു വചനാനുസരണമോ എന്ന വലിയ കലക്കം സമൂഹത്തിലുണ്ടായിരിക്കയാണ്. എങ്ങനെയായാലും, പൗലൊസ്, എഫെസൊസിൽ കണ്ടതായ സാഹചര്യത്തിൽനിന്നു വളരെ അകലെയല്ല ഇന്നത്തെ സാഹചര്യം. കാലഹരണപ്പെട്ട യോഹന്നാന്റെ സ്നാനവും മഹത്തായ ആജ്ഞാസ്നാ നവും പൗലൊസിന്റെ കാലത്ത് കൂടി കുഴഞ്ഞു പ്രശ്നമായി കിടന്നിരുന്നു. പന്ത്രണ്ടു പേർ വിശ്വസിച്ചത് അവർ സ്നാനമേറ്റിരുന്നു എന്നാണ്; ചില ക്രിസ്ത്യാനികളും അങ്ങനെ അവർ സ്നാനപ്പെട്ടതാണെന്ന് വിശ്വസിച്ചിരിക്കാം.[46] ആ തെറ്റിദ്ധാരണ മാറ്റുവാൻ പൗലൊസ് മഹത്തായ ആജ്ഞയുടെ സ്നാനവും യോഹന്നാന്റെ സ്നാനവും തമ്മിൽ താരതമ്മ്യം നടത്തുകയായിരുന്നു. ആ സമീപനം ഇന്നു അനുകരിക്കാൻ യോഗ്യമായതാണ്.

## ഉപസംഹാരം

വീണ്ടും സ്നാനമേല്ക്കേണ്ടി വന്ന പന്ത്രണ്ടു പേരുടെ സംഭവത്തിൽ നിന്ന് രണ്ടു വ്യക്തമായ പ്രായോഗികത തെളിഞ്ഞു വരുന്നുണ്ട്: (1) നമ്മുടെ ഉപദേശത്തിൽ നാം നേരുള്ളവരായിരിക്കണം, മറ്റുള്ളവരുടെ വികാരത്തെ വൃണപ്പെടുത്തേണ്ടി വന്നാലും നാം അതു ചെയ്യണം. അവരുടെ സ്നാനത്തിൽ കുഴപ്പമുണ്ടെന്ന് പന്ത്രണ്ട് പുരുഷന്മാരോടു പറയുവാൻ പൗലൊസ് മടിച്ചില്ല. നമ്മുടെ കേൾവിക്കാർക്ക് നാം പറയുന്ന അതേ രീതിയിൽ സ്വീകരിക്കത്തക്ക ആത്മാർത്ഥ ഹൃദയം ഉണ്ടെങ്കിൽ, അവർ കൈക്കൊള്ളും.[47] (2) നാം ഓരോരുത്തരും നമ്മുടെ മത പരിശീലനവും ബൈബിൾ പറയുന്നതും താരതമ്യം ചെയ്യേണ്ടതുണ്ട്, അങ്ങനെ ബൈബിളിൽ പറയുന്നതനുസരിച്ചു നമ്മുടെ ഉപദേശവും പരിശീലനവും ക്രമപ്പെടുത്തണം – അതു വൃണപ്പെടുത്തിയാലും. ആ പന്ത്രണ്ടു പേർക്കു

അതിനുള്ള മനസുണ്ടായിരുന്നു. നമുക്ക് അതുണ്ടോ?

നാം അവസാനിപ്പിക്കുമ്പോൾ, ഞാൻ ഓരോ സ്ത്രീ പുരുഷന്മാരോടും അവരുടെ സ്നാനം വചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കണം എന്ന് പറഞ്ഞുകൊള്ളട്ടെ. സ്വർഗ്ഗം വളരെ മനോഹരമാണ്, നരകം വളരെ ഭയാനകവുമാണ്, നിത്യത വളരെ നീണ്ടതായതുകൊണ്ട് ആത്മാവിനെ സാഹസപ്പെടുത്താതിരിക്കുക. നിങ്ങളുടെ സ്നാനം കൃത്യമായും പുതിയ നിയമ മാതൃകയനുസരിച്ചല്ലെങ്കിൽ, ഉടനെ വചനപ്രകാരം അനുസരിക്കുവാൻ ഞാൻ അപേക്ഷിക്കുകയാണ്!

## ദൃശ്യ - സഹായക്കുറിപ്പുകൾ

കാലഹരണപ്പെട്ട ഒരു ഭൂപടം ചിത്രീകരണത്തിന് എടുക്കുമ്പോൾ, വളരെ വളരെ പഴക്കംചെന്ന ഒന്നായിരിക്കണം. താല്പര്യമെങ്കിൽ, നിർത്തിയിട്ട് ഇന്ന് അതിന്റെ പ്രായോഗികത കാണിക്കാം: ചിലർ കാലഹരണപ്പെട്ട ഭൂപടം പഴയ നിയമത്തിൽ നിന്നും എടുക്കാറുണ്ട് (എബ്രായർ 8:7; 10:9); വേറെ ചിലർ കാലഹരണപ്പെട്ട ഭൂപടമായി അവരുടെ തന്നെ അഭിപ്രായങ്ങൾ എടുക്കും (അതായതു, അജ്ഞത കൊണ്ടുള്ള തീർച്ചപ്പെടുത്തൽ, പ്രവൃത്തികൾ 17:30).

യോഹന്നാന്റെ സ്നാനവും മഹത്തായ ആജ്ഞയിലെ സ്നാനവും തമ്മിലുള്ള വ്യത്യാസം മനസിലാക്കി കൊടുക്കുവാൻ "യോഹന്നാൻ നടത്തിയ സ്നാനവും യേശു അധികാരപ്പെടുത്തിയ സ്നാനവും" എന്ന ചാർട്ട് ഉപയോഗിക്കാം. അതു ബോർഡിൽ വരക്കുകയോ കാർഡ് ബോർഡിൽ എഴുതുകയോ ചെയ്യാം. പാഠത്തിൽ പരിശോധിക്കുവാൻ വാക്യങ്ങളും ചേർക്കാം.

സ്നാനത്തിനു ആവശ്യമായ മൂന്നു ഘടകങ്ങൾ ഉണ്ടെങ്കിലേ ശരിയാകു (പ്രവൃത്തി, വ്യക്തി, ഉദ്ദേശം) എന്നത്, പാഠത്തിന്റെ വസ്തുതക്കു പ്രയോജനമാകും. മൂന്നു – കാലുകളുള്ള സ്റ്റൂൾ ഉണ്ടെങ്കിൽ, അതെടുത്ത് ചോദിക്കാം, "ഈ കാലുകളിൽ ഏതാണ് ആവശ്യമുള്ളത്, ഏതാണ് ആവശ്യമില്ലാത്തത്?" മൂന്നും ആവശ്യമാണ്; ഒന്നില്ലെങ്കിൽ, പിന്നെ, പ്രായോഗിക ഉപയോഗത്തിൽ, സ്റ്റൂൾ ഉപയോഗശൂന്യമാകും. അതുപോലെ വചനാനുസരണ സ്നാനത്തിന്റെ ആവശ്യകതയിൽ ഒന്നും വിട്ടുകളയരുത്. (നിങ്ങൾക്കു സ്റ്റൂളിന്റെ ഒരു കാൽ നേരത്തെ ഇളക്കിവെക്കാം ഒരു കാൽ പോയാൽ എന്നു പറയുമ്പോൾ ഇളക്കിമാറ്റാം. ഒരു കാൽ മാറ്റിയ സ്റ്റൂളിൽ ആരോടെങ്കിലും ഇരിക്കാൻ പറയാം.) മറ്റൊരു ദൃശ്യസഹായം യോജിപ്പിക്കുന്ന പൂട്ട് എടുക്കാം. ആ പൂട്ട് തുറക്കുന്നതിന് മൂന്നു പടികൾ ഉണ്ടന്ന് ശ്രദ്ധിക്കുക. പൂട്ടു തുറക്കുന്നതിനു മുൻപ് അവ മൂന്നും ഊന്നിപ്പറയുക. അതുപോലെ, വചനപ്രകാരം സ്നാനം എടുക്കുന്നതിനു മുൻപ് ദൈവത്തെ – പ്രസാദിപ്പിക്കുവാൻ ആ മൂന്നു ഘടകങ്ങളും നിറവേറ്റണം.

"സഭ വിജയിക്കുവാൻ മൂന്നു വസ്തുതകൾ" വേണമെന്ന് പ്രവൃത്തികൾ 19-ന്റെ, 1 മുതൽ 20 വരെയുള്ള വാക്യങ്ങളെക്കുറിച്ച് എന്റെ സ്നേഹിതൻ മാർക്ക് ക്ലെയർഡെ പ്രസംഗിക്കയുണ്ടായി. അദ്ദേഹത്തിന്റെ അവതരണം എന്റെ മനസിൽ "സഭ എങ്ങനെ വളരും" എന്ന ആശയമാണ് കൊണ്ടുവന്നത്. മാർക്ക് ഒരു നല്ല തോട്ടക്കാരനാകയാൽ, ഞാൻ തോട്ടം വളർത്തുന്ന സമാനതയായി എടുക്കും: (1) വിത്ത് ഗുണമുള്ളതാണോ എന്ന് ഉറപ്പുവരുത്തുക (വാക്യങ്ങൾ 1-7). (2) വിതെക്കുമ്പോൾ ലുബ്ധത കാണിക്കരുത് (വാക്യങ്ങൾ 8-10). (3) നടുന്നതിനു മുൻപ് മണ്ണ് എത്രത്തോളം ഒരുക്കാമോ അത്രത്തോളം ഒരുക്കുക (വാക്യങ്ങൾ 11, 12). (4) കളകൾ ഉത്സാഹത്തോടെ എടുത്തുകളക (വാക്യങ്ങൾ 13-20)!

വീണ്ടും - സ്നാനമേറ്റ പന്ത്രണ്ടു പേരുടെ സ്നാനം പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തന പരമ്പരയുടെ ഭാഗമായി എടുക്കാം. അത്തരം പാഠം പൗലൊസിന്റെ മൂന്നാം മിഷണറിയാത്രയുടെ ആരംഭത്തിൽ ഉൾപ്പെടുത്താം (ലൂക്കൊസ് ചെയ്തതുപോലെ) അങ്ങനെ 19:1 ലേക്കു വരാം. ഈ അവതരണത്തിന്റെ തലവാചകം ("അന്യഭാഷയിൽ സംസാരം: ഒരുതാരതമ്യം" എന്നാക്കാം). വേറെ തലവാചകം മാറ്റി കൊടുക്കാവുന്നത് "സ്നാനമേറ്റ പന്ത്രണ്ടു ശിഷ്യന്മാരുടെ പരിവർത്തനം" എന്നത്രേ. ഈ തലവാചകമാണ് ഉപയോഗിക്കുന്നതെങ്കിൽ, മുഖവുരയായി വ്യക്തമായ തലവാചകത്തിലെ അസംബന്ധത സ്പഷ്ടമാക്കാം: "സ്നാനം ഏറ്റ" "ശിഷ്യന്മാർ" പരിവർത്തനം ചെയ്യേണ്ടതുണ്ടോ? എന്നും അതിനു ഉത്തരമായി ഉണ്ട്, നമ്മുടെ വേദഭാഗം അനു സരിച്ച് എന്ന ഉത്തരവും നല്കാം.

തിത്തൊസിനെപ്പറ്റി ഒരു അനുബന്ധ പാഠം പ്രസംഗിക്കാം, ലൂക്കൊസ് പേരെടുത്തു പറഞ്ഞിട്ടില്ലെങ്കിലും അവൻ പൗലൊസിനു വിലമതിക്കാവുന്ന കൂട്ടുവേലക്കാരനായിരുന്നു സാദ്ധ്യതയുള്ള തലവാചകം ''പ്രവൃത്തികളുടെ പുസ്തകത്തിലെ അദൃശ്യനായ മനുഷ്യൻ'' എന്നുകൊടുക്കാം. ഈ പരമ്പരയിൽ തീത്തൊസിനെ കുറിച്ച് കൂടുതൽ പാഠങ്ങൾ നമുക്കു പഠിക്കാം.

---

കുറിപ്പുകൾ

[1]ഈ വാക്യങ്ങളുടെ ഉപയോഗത്തിനു, "സഹോദരന്മാരെ എങ്ങനെ ശക്തമാക്കാം" എന്ന ലേഖനം നോക്കുക. [2]പ്രവൃത്തികൾ 18:27 പറയുന്നു "സഹോദരന്മാർ" എന്ന്. [3]"*ഏതാണ്ട്* പന്ത്രണ്ടു പേരോളം" എന്നു ലൂക്കൊസ് പറഞ്ഞതുകൊണ്ട് (എംഫസിസ് മൈൻ), ഞാൻ ഊഹിക്കുന്നതു സംഖ്യ പതിനൊന്നോ അല്ലെങ്കിൽ പതിമൂന്നോ ആയിരിക്കാം എന്നാണ്. [4]ഒരുപക്ഷേ അക്വിലാസിനും പ്രിസ്കില്ലക്കും അവരെ അറിയാമായിരുന്നേക്കാം അവരെ എങ്ങനെ സമീപിക്കണം എന്നറിയിക്കാതിരിക്കയോ, അല്ലെങ്കിൽ അപ്പൊല്ലൊസിനെ ഉപദേശിച്ചു വിജയിച്ചതുപോലെ വിജയിക്കാൻ കഴിയാതിരുന്നതോ ആകാം - അതുകൊണ്ട് പ്രശ്ന പരിഹാരത്തിനായി പൗലൊസിന്റെ വരവിനായി കാത്തി

രുന്നേക്കാം. [5]നാലാം നൂറ്റാണ്ടിൽ ജോൺ ക്രിസോസ്റ്റമാണ് ഇത് ആരംഭത്തിൽ വ്യാഖ്യാനിച്ചത്. [6]ഐ.ഹോവാർഡ് മാർഷൽ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ടിൻഡെയിൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, ജെൻ.ഇഡി. ആർ. വി.ജി. ടാസ്ക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലീയു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1980), 305–6. (എംഫസിസ് ഹിസ്.) [7]മറിച്ചു, പൗലൊസ് അവരെ അറിഞ്ഞിരുന്നെങ്കിൽ, അവരെ തിരയുകയായിരുന്നെങ്കിൽ ചോദിച്ച ചോദ്യങ്ങൾ കണക്കുകൂട്ടി അവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിനായിരുന്നു. ഈ പുസ്തകത്തിൽ, പൗലൊസ് അവരുടെ പശ്ചാത്തലം മനസിലാക്കുന്ന അവസ്ഥയിലുള്ള വിശ്വാസവുമായി നാം തുടരും. [8]കെ.ജെ.വിയിൽ "സിൻസ്" എന്നാണ്; "വെൻ" എന്നതാണ് നല്ല തർജ്ജിമ. [9]പൗലൊസിനു അവരുടെ ആത്മിയ പശ്ചാത്തലം അറിയാമായിരുന്നു എന്ന് ഈ പ്രസ്താവന സൂചിപ്പിക്കുന്നു. ഈ പാഠത്തിലെ കുറിപ്പുകൾ 7 നോക്കുക. [10]"പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ പ്രവൃത്തികൾ 2:38 ന്റെ നോട്ടുകൾ നോക്കുക. കൂടാതെ, "ദൈവിക ശക്തിയുടെ മൂന്നു പ്രദർശനങ്ങൾ" എന്നതും പ്രവൃത്തികൾ 2-ാം ലക്കത്തിലെ "പരിശുദ്ധാത്മാവ് എന്തു ചെയ്യുന്നു?" എന്നതും നോക്കുക.

[11]പൗലൊസ് പലപ്പോഴും പരിവർത്തനത്തെ പറയുന്നതു ആത്മാവുമായി ബന്ധപ്പെടുത്തിയാണ്: ക്രിസ്ത്യാനിയായി തീരുന്നതിനു തുല്യമാണ് "പരിശുദ്ധാത്മാവു പ്രാപി[ക്കുന്നതും]" (ഗലാത്യർ 3:2). ഒരാൾ ഒരിക്കൽ രക്ഷിക്കപ്പെടുമ്പോൾ, ആത്മാവിനാൽ "മുദ്രയിടപ്പെടുന്നു" (എഫെസ്യർ 1:13). [12]കൂടാതെ, അവർക്കു പഴയ നിയമം അറിയാമായിരുന്നെങ്കിൽ, അതു ആത്മാവിനെ കുറിച്ചായിരുന്നു കാരണം പഴയ നിയമത്തിൽ ദൈവം, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പറയുന്നുണ്ട്, പഴയ നിയമത്തിൽ ആത്മാവിനെ പറ്റി പറയുന്നുണ്ട് (സങ്കീർത്തനങ്ങൾ 51:11; യെശയ്യാവ് 63:11). [13]എൻ.എ.എസ്.ബിയിൽ, "നല്കപ്പെട്ട" വാക്യങ്ങൾ ചരിച്ചെഴുതിയിരിക്കുന്നു, സൂചിപ്പിക്കുന്നത് അർത്ഥം പൂർണ്ണമാകാൻ തർജ്ജിമക്കാർ ഉപയോഗിച്ചതാകാം. [14]വെസ്റ്റേൺ ടെക്സ്റ്റ്, ആദിമ ക്രിസ്ത്യാനികളെക്കുറിച്ചു "അവർക്കു പരിശുദ്ധാത്മാവ് ലഭിക്കുന്നുണ്ടോ" എന്നു ബോധ്യപ്പെടുത്തുന്നുണ്ട് പലപ്പോഴും. [15]"ഏതായിരുന്നു" ഗ്രീക്കു പദത്തിന്റെ അക്ഷരിക തർജ്ജിമയായിരുന്നു, അതു നമ്മെ മഹത്തായ ആജ്ഞയിലെ സ്നാനത്തെ ഓർപ്പിക്കുന്നു. സ്നാനം "*ക്രിസ്തുവിനോടു*" ചേർക്കുകയാണ് (റോമർ 6:3, 4; ഗലാത്യർ 3:27). [16]പൗലൊസ് സ്വാഭാവികമായും അവർ സ്നാനപ്പെട്ടിരുന്നു എന്നു വിശ്വസിച്ചിരുന്നു "സ്നാനപ്പെടാത്ത വിശ്വാസിയെ പുതിയനിയമം അപൂർവ്വമായേ പറയുന്നുള്ളു" (എഫ്.എഫ്. ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്സ്*, റെവ. ഈഡി [ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലീയു എം.ബി.ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1988], 363–64). [17]ഉദാഹരണമായി, അപ്പൊല്ലൊസിനേയും ആ പന്ത്രണ്ടു പുരുഷന്മാരേയും അതേ ആളുകൾക്കു പഠിപ്പിച്ചു സ്നാനപ്പെടുത്താമായിരുന്നു, യോഹന്നാന്റെ ശിഷ്യന്മാർ അതു വഴി യാത്ര ചെയ്തിരിക്കാനും സാദ്ധ്യതയുണ്ട്. അതങ്ങനെയാണെങ്കിൽ, ആ പന്ത്രണ്ടു പേർ ചെയ്തതുപോലെ അപ്പൊല്ലൊസും വീണ്ടും – സ്നാനമേല്ക്കേണ്ടിയിരുന്നു (ഈ പുസ്തകത്തിൽ ഉള്ള "എനിക്ക് ബഹുമാനിക്കാതിരിക്കാൻ കഴിയാത്ത ഒരു ഉപദേഷ്ടാവ്" എന്നതു നോക്കുക). [18]കഴിഞ്ഞ കുറിപ്പിൽ പറഞ്ഞതുപോലെ, മറ്റു സാദ്ധ്യതകളുമുണ്ട്, അപ്പൊല്ലൊസ് ആ പന്ത്രണ്ടു പേരെ പോലെ എന്തുകൊണ്ട് സ്നാനമേറ്റില്ല എന്നതിനുള്ള ലളിത വിവരണം ഇതാണ് (വീണ്ടും ഈ പാഠത്തിലെ "എനിക്ക് ബഹുമാനിക്കാതിരിക്കാൻ പറ്റാത്ത ഉപദേഷ്ടാവ്" എന്ന പാഠം നോക്കുക). [19]ജെ.ഡബ്ലിയു.മെക്ഗാർവേ, *ന്യു കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 1 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി., എൻ.ഡി.), 152. [20]റിച്ചാർഡ് ഓസ്റ്റർ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, പാർട്ട് 2, ദ ലിവിങ്ങ് വേഡ് കമെന്ററി (ആസ്റ്റിൻ, ടെക്സാസ്.: സ്വീറ്റ് പബ്ലിഷിംഗ് കമ്പനി., 1979), 87.

[21]ഹാസ്യകരവും, ദു:ഖകരവും, അല്ലെങ്കിൽ നിരുത്സാഹം എന്നിവ വ്യക്തിപരമായ അനുഭവത്തിൽ ഉണ്ടായവ ഉദാഹരണമായി നല്കാം. [22]ഈ പുരുഷന്മാരെ *തെറ്റു* പഠിപ്പിച്ചവരെപ്പറ്റി പറഞ്ഞു സമയം പാഴാക്കുവാൻ പൗലൊസ് മെനക്കെട്ടില്ല; മറിച്ച്, അവൻ

അവരെ *സത്യം* പഠിപ്പിക്കുവാനാണ് ശ്രമിച്ചത്. [23]ബൈബിളിൽ യോഹന്നാൻ സ്നാപകനെ കുറിച്ചു അവസാനമായി പറഞ്ഞിരിക്കുന്നതു ഇതാണ്. [24]പ്രത്യേകിച്ചു, പരിശുദ്ധാത്മാവിന്റെ അത്ഭുത വരങ്ങൾ ഇന്നുണ്ടെന്നാണ് അവർ വിശ്വസിച്ച് പഠിപ്പിക്കുന്നത്. [25]വ്യത്യസ്തതക്കു വേണ്ടി "ഒരു സ്നാനം" എന്നതു അസംഖ്യം വിവരണങ്ങളോടൊപ്പം ഞാൻ ഉപയോഗിക്കാറുണ്ട്. അതു പൗലൊസിന്റെ സമയത്തും (ഇന്നും) പ്രാബല്യത്തിലുള്ളതാണല്ലോ: അതായത് യേശുവിന്റെ നാമത്തിലുള്ള സ്നാനം, ക്രിസ്ത്യാനികൾ നടത്തുന്ന സ്നാനം, മഹത്തായ ആജ്ഞയുടെ സ്നാനം, ക്രിസ്തീയ സ്നാനം, യേശുവിന്റെ സ്നാനം, തുടങ്ങിയവ. ഇവയെല്ലാം മഹത്തായ ആജ്ഞയിൽ കല്പിച്ച സ്നാനത്തെയാണ് സൂചിപ്പിക്കുന്നത് (മത്തായി 28:19; മർക്കൊസ് 16:16), അതു ആദ്യമായി പെന്തെക്കൊസ്തു നാളിലാണ് പ്രസംഗിച്ചത് (പ്രവൃത്തികൾ 2:38). [26]"പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ പ്രവൃത്തികൾ 2:37 ന്റെ കുറിപ്പുകൾ നോക്കുക. [27]"പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ പ്രവൃത്തികൾ 22:16 ലെ കുറിപ്പുകൾ നോക്കുക. [28]കർത്താവിന്റെ "നാമത്തിൽ" എന്തെങ്കിലും ചെയ്യുന്നതിന്റെ പ്രാധാന്യം കാണുവാൻ "പ്രവൃത്തികൾ 1 ലെ അവന്റെ നാമത്തിൽ" എന്ന പാഠം നോക്കുക. [29]"പ്രവൃത്തികൾ, 2" ലെ പ്രവൃത്തികൾ 8:38 ന്റെ കുറിപ്പുകൾ നോക്കുക. കൂടാതെ ശബ്ദസംഗ്രഹത്തിലെ "സ്നാനം" എന്ന വാക്കു നോക്കുക. [30]"പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ പ്രവൃത്തികൾ 2:38 ന്റെ കുറിപ്പുകൾ നോക്കുക. മർക്കൊസ് 1:4 ലും ലൂക്കൊസ് 3:3 ലും ഉള്ള "ഫോർ" എന്ന വാക്ക് പ്രവൃത്തികൾ 2:38 ലേതു പോലെ "ഫോർ" എന്നതു എയിസ് എന്ന ഗ്രീക്ക് പ്രിപ്പൊസിഷൻ ആണ്.

[31]"ബാപ്റ്റിസം" എന്ന ഗ്രീക്കു വാക്ക് അക്ഷരികമായി "ഇമെർഷൻ" എന്നു തർജ്ജിമ ചെയ്തിരിക്കകൊണ്ട്, എനിക്ക് താല്പര്യമുള്ളതുപോലെ പ്രകടിപ്പിക്കാൻ കഴിയുന്നില്ല. ഒരു ചടങ്ങായി "സ്നാനം" എന്നു *വിളിക്കുന്നതും* വാസ്തവത്തിലുള്ള ബൈബിൾ സ്നാനവും തമ്മിലുള്ള വ്യത്യാസം കാണിക്കുവാൻ ഞാൻ ശ്രമിക്കയാണ്. ആ പന്ത്രണ്ടു പേർ മുൻപ് സ്നാനം ഏറ്റിരുന്നതുകൊണ്ട് (യോഹന്നാന്റെ) ഇപ്പോൾ അവർ രണ്ടാമതു സ്നാനം ഏല്ക്കുകയാൽ (യേശുവിന്റെ നാമത്തിൽ) ഞാൻ പലപ്പോഴും "റീ - ഇമെഴ്സ്ഡ്" എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നതു. എങ്ങനെയായാലും, അവർ മഹത്തായ ആജ്ഞയിലെ സ്നാനം *ഒരിക്കലേ* എടുത്തിട്ടുള്ളു. ഒരു ചിത്രീകരണത്തിനായി കുട്ടികൾ കുളത്തിൽ മുങ്ങിക്കുളിച്ചുകൊണ്ട് "സ്നാനം" എന്നു പറയാറുള്ളതു എടുത്തുകാണിക്കും (കുട്ടികൾ കളിക്കു കേൾവികേട്ടവരാണല്ലൊ). അവർ ചെയ്തതു "മുങ്ങൽ" ആയിരിക്കാം, എന്നാൽ അതു ബൈബിൾ "സ്നാനത്തിൽ" നിന്നകലെയാണ്. [32]ഇതു കൂടുതൽ പഠിക്കുവാൻ "പ്രായോഗികമാക്കുവാൻ വിഷമിക്കൽ" എന്ന ഈ പാഠത്തിലെ വിഷയം നോക്കുക. [33]"അന്യഭാഷയിൽ സംസാരം" എന്ന ഈ പാഠത്തിലെ വിഷയം നോക്കുക. [34]"പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ പ്രവൃത്തികൾ 8:17, 18 ന്റെ കുറിപ്പുകൾ നോക്കുക. [35]"ദൈവിക ശക്തിയുടെ മൂന്നു പ്രദർശനങ്ങൾ" എന്ന "പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ വിഷയം നോക്കുക. [36]പത്രൊസിന്റെ പ്രവർത്തനവും പൗലൊസിന്റെ പ്രവർത്തനവും തമ്മിൽ ധാരാളം സമാനതകൾ ലൂക്കൊസ് എടുത്തുകാണിക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ എടുക്കാം: മുടന്തനെ സൗഖ്യമാക്കൽ, ഭൂതങ്ങളെ പുറത്താക്കൽ, തടവിൽ നിന്നുള്ള മോചനം, മരിച്ചവരെ ഉയിർപ്പിക്കൽ. ദൈവം വിജയികളോടു കൂടെ ഉണ്ടെന്നു കാണിക്കുന്ന - തിരുവചനത്തിലെ സാധാരണ പരിശീലനമാണ്, മുൻപുണ്ടായിരുന്നവരിലും അതു വാസ്തവമാണ് (ഉദാഹരണമായി, മോശെ യോശുവ, ഏലിയാവും ഏലിശയും). [37]"പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ ശമര്യക്കാരുടെ പരിവർത്തനം നോക്കുക. [38]ഓസ്റ്റർ, 88. [39]മുൻപുള്ള കുറിപ്പ് 31-ൽ നോക്കുക. ഞാൻ ഉദ്ദേശിക്കുന്നതുപോലെ "ബാപ്റ്റിസം" പ്രകടിപ്പിക്കാൻ കഴിയുന്നില്ല. ചടങ്ങായി "ബാപ്റ്റിസം" എന്നു *വിളിക്കുന്നതും* വചന പ്രകാരമുള്ള "ബാപ്റ്റിസം" എന്തെന്നും തിരിച്ചറിയുവാൻ സന്ദർഭം നോക്കുക. അങ്ങനെ മഹത്തായ ആജ്ഞയിലെ ശരിയായ "സ്നാനം" എന്ന വാക്കിന്റെ ശരിയായ ഉപയോഗം വ്യക്തമാകും. [40]പ്രവൃത്തികൾ 11-ാം

ലക്കത്തിലെ ശബ്ദ സംഗ്രഹത്തിലെ "ബാപ്റ്റിസം" എന്ന വാക്ക് നോക്കുക.

[41]പ്രവൃത്തികൾ 1-ാം ലക്കത്തിലെ 2:47 ന്റെ കുറിപ്പുകൾ നോക്കുക. [42]തീർച്ചയായും ഒരാൾ വ്യക്തിപരമായ സമർപ്പണം എടുക്കുവാൻ പ്രായമായാൽ, സ്നാനത്തിനു മുൻപ് വാസ്തവത്തിൽ വിശ്വസിക്കയും മാനസാന്തരപ്പെടുകയും ചെയ്തിട്ടുണ്ടോ എന്നു നോക്കണം. [43]വ്യത്യസ്ത മതവിശ്വാസികൾ, മോർമോൺസ് അടക്കം, പാപമോചനത്തിനായി പ്രായപൂർത്തിയായവരെ സ്നാനപ്പെടുത്തുന്നുണ്ട്. പക്ഷേ അവരുടെ സ്നാനം സ്വീകരിക്കാൻ എനിക്കു മടിയാണ്. മറ്റു തെറ്റുകൾക്കൊപ്പം ഈ മതവിശ്വാസികൾ യേശുവിന്റെ സ്വഭാവത്തെ തെറ്റായി ചിത്രീകരിക്കുന്നുണ്ട്. [44]"യേശുവിന്റെ നാമത്തിൽ" എന്തെങ്കിലും ചെയ്യുന്നതിന്റെ പ്രാധാന്യം നന്നായി പഠിക്കുവാൻ ഈ പദപ്രയോഗം "ഓപ്പൻ അപ് *ഇൻ ദ നെയിം ഓഫ് ദ ലാ*" താരതമ്യം ചെയ്യുക. [45]മുൻപു പറഞ്ഞ ഉദ്ദേശങ്ങൾ പ്രായ പൂർത്തിയായവരുടെ സ്നാനത്തെ സംബന്ധിച്ചതാണ് "ശിശുസ്നാനം" പരിശീലിക്കുന്നവർ പല കാരണങ്ങൾ പറയുന്നുണ്ട്, "ശിശുവിനെ ശ്രദ്ധിക്കപ്പെടാതിരിക്കേണ്ടതിനു തുടങ്ങി, കുഞ്ഞിനു ഒരു ക്രിസ്തീയ പേർ ഇടുന്ന മധുരിക്കുന്ന ആഘോഷമാകുന്നതുവരെയുണ്ട്." [46]പൗലൊസ് എഫെസൊസിൽ എത്തുന്നതുവരെ അവരുടെ സ്നാനം ക്രിസ്ത്യാനികൾ അംഗീകരിച്ചിരുന്നു എന്നതിനു സാദ്ധ്യതയുണ്ട്, ഒരുപക്ഷേ അക്വിലാസും പ്രിസ്കില്ലയും പോലും അംഗീകരിച്ചിരുന്നേക്കാം. [47]നാം "സ്നേഹത്തിൽ സത്യം [സംസാരിക്കും]" എന്നു ഞാൻ അനുമാനിക്കുന്നു (എഫെസ്യർ 4:15 നോക്കുക).

| യോഹന്നാൻ നടത്തിയ സ്നാനം | യേശു അധികാരപ്പെടുത്തിയ സ്നാനം |
| --- | --- |
| വെള്ളത്തിൽ അടക്കം | വെള്ളത്തിൽ അടക്കം |
| ഒരുക്ക സ്നാനം | നിറവേറൽ സ്നാനം |
| മാനസാന്തര സ്നാനം | വിശ്വാസ സ്നാനം |
| മാനസാന്തര ഫലം | സുവിശേഷ പ്രസംഗശേഷം എടുക്കേണ്ടത് |
| പുറപ്പെടുവിക്കാനുള്ള ക്ഷണം | |
| മുൻപോട്ട് ക്രിസ്തുവിലേക്കു നോക്കി (ക്രൂശും) | പുറകിൽ ക്രിസ്തുവിലേക്കു നോക്കുന്നു (ക്രൂശും) |
| പാപങ്ങളെ ഏറ്റു പറഞ്ഞു | യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്നു |
| ആരുടെയും നാമത്തിലായിരുന്നില്ല | പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ |
| പാപങ്ങളുടെ മോചനത്തിനായി | പാപങ്ങളുടെ മോചനത്തിനായി |
| പരിശുദ്ധാത്മ വാഗ്ദാനം ഇല്ല | പരിശുദ്ധാത്മ വാഗ്ദാനം ഉണ്ട് |

**യോഹന്നാൻ നടത്തിയ സ്നാനവും യേശു അധികാരപ്പെടുത്തിയ സ്നാനവും ഒരു താരതമ്യം**